# യേശു – നല്ല വൈദ്യൻ

## മർക്കൊസ് 2:17

**"ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല; ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നതു എന്നു പറഞ്ഞു."**

കർത്താവ് തന്റെ പരസ്യശുശ്രൂഷാ കാലത്ത് സമൂഹത്തിലെ വിവിധ തുറയിൽ നിൽക്കുന്നവരുമായി താൻ പന്തിക്കിരുന്ന അനുഭവങ്ങൾ നാം പലയിടങ്ങളിലും വിവരിച്ചു കാണുന്നുണ്ട്. അതിൽ ഒരു പന്തിയനുഭവമാണ് നാം മേൽ വായിച്ചു കേട്ട വാക്യത്തിന്റെ പശ്ചാത്തലം. എന്നാൽ ഇവിടെ യേശുവിനോടൊപ്പം പന്തിക്കിരിക്കുന്നവരോ, ചുങ്കക്കാരും, പാപികളുമായവരാണ് എന്നു മാത്രം. ഒരുപക്ഷെ കർത്താവ് കൂടുതൽ സമയവും ചിലവിടാൻ ആഗ്രഹിച്ചതും താൻ ചിലവിട്ടതും പാപികളുടെയും, രോഗികളുടെയും, ആശ്രയമില്ലാത്തവരുടെയുമൊക്കെ കൂടെയാണ്.

എന്നാൽ ഇവിടെ കർത്താവിന്റെ പന്തി അനുഭവം കണ്ട പരീശന്മാരിലെ ചില ശാസ്ത്രിമാർക്ക് അത് തീരെ ഇഷ്ടമായില്ല. അവരെ സംബന്ധിച്ചിടത്തോളം ന്യായപ്രമാണങ്ങളാലും മറ്റു ഉന്നതമായ നിയമസംഹിതകളാലും തങ്ങളുടേതായ വീക്ഷണങ്ങളും, ന്യായവാദങ്ങളും കൊണ്ട് നിറഞ്ഞിരുന്നവരാണവർ. അങ്ങനെയുള്ള ശാസ്ത്രിമാർക്ക് പാപികളുമായും, ചുങ്കക്കാരുമായുമുള്ള കർത്താവിന്റെ ഇടപെടൽ അത്ര രസിച്ചില്ല. അതുകൊണ്ട് അവർ തങ്ങളുടെ നീരസം കർത്താവിന്റെ ശിഷ്യന്മാരോട് അറിയിക്കുന്നതായി നമുക്ക് കാണാം. അതിനുള്ള മറുപടിയായിട്ടാണ് കർത്താവ് നാം മേൽ വായിച്ച വചനം പ്രസ്താവിക്കുന്നത്.

പ്രിയരേ, കർത്താവിന്റെ ഈ മറുപടിയുടെ വെളിച്ചത്തിൽ നമുക്കിവിടെ മൂന്ന് തരത്തിലുള്ള ആളുകളെ വേർതിരിച്ചെടുക്കാൻ സാധിക്കും. ഒന്ന്, വൈദ്യനെ ആവശ്യമുള്ള ദീനക്കാർ, അതത്രേ ചുങ്കക്കാരും പാപികളുമായവർ. രണ്ടാമത്, വൈദ്യനെ ആവശ്യമില്ലാത്ത ദീനമുള്ളവർ, അതിവിടെ പരീശന്മാരുടെ കൂട്ടത്തിലുള്ള ശാസ്ത്രിമാരാണ്. മൂന്നാമതായി നമുക്ക് കാണുവാനല്ല, അനുമാനിക്കാൻ സാധിക്കുന്ന ഒരു കൂട്ടരാണ് വൈദ്യനെ ആവശ്യമില്ലാത്ത ദീനമില്ലാത്തവർ. ഇങ്ങനെയുള്ള ഒരു കൂട്ടം ഈ ഭൂമിയിൽ തന്നെ ഇല്ലെന്നു പറയാം. കാരണം പാപമെന്ന രോഗം പിടിക്കാത്തതായിട്ട് യേശു ഒഴികെ ഒരു വ്യക്തി പോലും ഈ മനുഷ്യകുലത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുകയുമില്ല. തിരുവചനം റോമാ ലേഖനത്തിൽ ഇപ്രകാരം പറയുന്നു, 'നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല' എന്ന്.

പ്രിയ ദൈവജനമേ, നമ്മിലെ പാപസ്വഭാവങ്ങൾ, ചീത്തത്തരങ്ങൾ, ദുർന്നടപ്പ്, അശുദ്ധി, മുതലായവ നിമിത്തം നാം എല്ലാവരും ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇന്ന് രോഗികളാണ്. ഈ രോഗത്തിനുള്ള മരുന്നും പൂർണ്ണമായ സൗഖ്യവും യേശു എന്ന വൈദ്യന്റെ അടുക്കൽ മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. ആയതിനാൽ ആ നല്ല വൈദ്യന്റെ അടുക്കലേക്ക് നമുക്ക് കടന്നു ചെല്ലാം. സകല രോഗങ്ങളെയും സൗഖ്യമാക്കുവാൻ പറ്റിയ ഒരു ഒറ്റമൂലി മരുന്ന് അവന്റെ പക്കലുണ്ട്, അതത്രേ കാൽവറിയിൽ ചൊരിയപ്പെട്ട നിർദ്ദോഷവും നിഷ്കളങ്കവുമായ യേശുവിന്റെ പുണ്യാഹരക്തം. ആ രക്തത്താൽ നമുക്ക് കഴുകൽ പ്രാപിക്കാം, പാപത്തിന്റെ സകല അശുദ്ധിയിൽ നിന്നും വിടുതൽ പ്രാപിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
1 യോഹന്നാൻ 1:7
യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു

ബ്രദർ. ബിനു ബേബി ആലപ്പുഴ 169